WEDNESDAY 01-02-2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-01/02/2023.

1. കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന വൈഗ 2023- അന്താരാഷ്ട്ര ശിൽപശാലയും, കാർഷിക പ്രദർശനങ്ങളോടും അനുബന്ധിച്ച് അഗ്രിഹാക്കത്തോൺ സംഘടിപ്പിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർഥികൾ, സ്റ്റാർട്ടപ്പുകൾ, പൊതുജനങ്ങൾ (പ്രൊഫഷണലുകൾ, കർഷകർ) എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തപ്പെടുന്ന കാർഷിക രംഗത്തെ ഏറ്റവും വലിയ ഹാക്കത്തോൺ ആണ് വൈഗ അഗ്രി ഹാക്ക് 23. കാർഷിക രംഗത്തെയും, കാർഷിക ഭരണ നിർവഹണ രംഗത്തെയും പ്രധാന പ്രശനങ്ങൾക്ക്, സാങ്കേതികമായ പരിഹാരങ്ങൾ കണ്ടെത്തുവാൻ വൈഗ അഗ്രി ഹാക്ക് കൊണ്ട് ലക്ഷ്യമിടുന്നു. കാർഷിക മേഖലയിലെ പ്രധാന പ്രശ്നങ്ങൾ കണ്ടെത്തി അവ പ്രോബ്ലം സ്റ്റേറ്റ്മെന്റുകൾ ആയി അവതരിപ്പിക്കുകയും, അഗ്രിഹാക്കിൽ പങ്കെടുക്കുന്നവർക്ക് ഇവയിൽ അനുയോജ്യമായവ തെരഞ്ഞെടുത്തുകൊണ്ട് ഫലപ്രദമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്താനുള്ള അവസരവും നൽകുന്നു. 36 മണിക്കൂർ നീണ്ടുനിൽക്കുന്ന പ്രശ്നപരിഹാര മത്സരത്തിൽ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ വിഭാഗങ്ങൾ ഉണ്ടായിരിക്കും. ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർഥികൾ, സ്റ്റാർട്ടപ്പുകൾ, പൊതുജനങ്ങൾ (പ്രൊഫഷണലുകൾ, കർഷകർ) എന്നീ മൂന്നു വിഭാഗങ്ങളിലായാണ് മത്സരം നടത്തുന്നത്. 3 മുതൽ 5 പേർ അടങ്ങുന്ന ടീമുകൾക്ക് മേൽപറഞ്ഞ വിഭാഗങ്ങളിൽ അപേക്ഷിക്കാവുന്നതാണ്. ഹാക്കത്തോണിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ടീമുകൾ 2023 ഫെബ്രുവരി 12 ന് മുമ്പായി അഗ്രി ഹാക്ക് പോർട്ടൽ (www.vaigaagrihack.in) വഴി രജിസ്റ്റർ ചെയ്യേണ്ടതും തെരഞ്ഞെടുത്ത പ്രശ്നങ്ങളുടെ പരിഹാരമാർഗ്ഗങ്ങളും സമർപ്പിക്കേണ്ടതുമാണ്. തെരഞ്ഞെടുക്കപ്പെടുന്ന മികച്ച 30 ടീമുകൾക്ക് 2023 ഫെബ്രുവരി 25 മുതൽ 27 വരെ തിരുവനന്തപുരം, വെള്ളായണി കാർഷിക കോളേജിൽ നടക്കുന്ന അഗ്രി ഹാക്കിൽ പങ്കെടുക്കാൻ കഴിയും. വൈഗ അഗ്രി ഹാക്ക് 23-ൽ വിജയികളാകുന്ന ടീമുകൾക്ക് ക്യാഷ് പ്രൈസ്, മെഡൽ, സർട്ടിഫിക്കറ്റുകൾ എന്നിവ സമ്മാനിക്കുന്നതാണ്. കൂടാതെ പ്രസ്തുത പരിഹാര മാർഗ്ഗങ്ങൾ നടപ്പിൽ വരുത്തുന്നതിനും, പ്രചരിപ്പിക്കുന്നതിനുമുള്ള നടപടികൾ സംസ്ഥാന കൃഷി വകുപ്പ് കൈക്കൊള്ളുന്നതാണെന്ന്

കൃഷിഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് (www.vaigaagrihack.in, www.vaigakerala.com) എന്നീ സൈറ്റുകൾ സന്ദർശിക്കുകയോ **9383470061, 9383470025** ൽ ബന്ധപ്പെടുകയോ ചെയ്യുക.

2. ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിൽ നിൽക്കുന്ന 3 തെങ്ങുകൾ ഈ മാസം 3-ന് (ഫെബ്രുവരി 3 ന് ) പകൽ 11 മണിക്ക് പരസ്യലേലം വഴി വിൽപ്പന നടത്തുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ അന്നേ ദിവസം രാവിലെ 10.30-നു മുമ്പായി പേര് രജിസ്റ്റർ ചെയ്യേതും 100 രൂപ നിരതദ്രവ്യം കെട്ടി വയ്ക്കേതുമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2530035** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. 2023 ഫെബ്രുവരി രണ്ടു മുതൽ അഞ്ചുവരെ മാവേലിക്കര കൊടിക്കൽ ഗാർഡൻസിൽ കാർഷികോത്സവവും പുഷ്പമേളയും സംഘടിപ്പിക്കുന്നതായി സൊസൈറ്റി ഫോർ അഗ്രി ഹോർട്ടികൾച്ചറൽ ഡെവലപ്മെന്റ് സെക്രട്ടറി അറിയിച്ചിരിക്കുന്നു. ഇതിൽ വിവിധതരം വിത്തുകൾ, അലങ്കാര സസ്യങ്ങൾ, ഔഷധസസ്യങ്ങൾ, ആധുനിക ഉപകരണങ്ങൾ, ഓർഗാനിക് മരുന്നുകൾ, പഴവിത്തുകൾ എന്നിവ ലഭ്യമാണ്. കൂടാതെ ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരവും സംഘടിപ്പിക്കുന്നതാണ്. വ്യവസായം, വനം, ഫിഷറീസ്, സെൻട്രൽ ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ പാലോട് എന്നിവയുടെ സ്റ്റാളുകളും ഉണ്ടായിരിക്കുന്നതാണ്.

4. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 25 മെട്രിക് ടൺ വരെ ഉള്ളി സംഭരിച്ച് വയ്ക്കുന്നതിനുള്ള 'ഒണിയൻ സ്റ്റോറേജ് സ്ട്രക്ചർ' നിർമ്മിക്കുന്നതിന് യൂണിറ്റൊന്നിന് ചെലവിന്റെ 50% പരമാവധി 87500/- രൂപ ധനസഹായം നൽകുന്നു. കർഷകർ, കൂട്ടായ്മകൾ, സംരംഭകർ, കച്ചവടക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള, യൂണിവേഴ്സിറ്റി പി.ഒ., പാളയം, തിരുവനന്തപുരം, എന്ന മേൽവിലാസത്തിലോ, **0471 2330857, 9188954089** എന്ന ഫോൺ നമ്പരിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

5. റബ്ബർതടിയുടെ വിപണനസാധ്യതകൾ സംബന്ധിച്ച ചോദ്യങ്ങൾക്ക് ഇന്ന് (2023 ഫെബ്രുവരി 01 ബുധനാഴ്ച) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ഡെപ്യൂട്ടി ഡയറക്ടർ കെ. തോംസൺ ഫ്രാൻസിസ് മറുപടി പറയും. കോൾസെന്റർ നമ്പർ 0481 2576622.

## പരിശീലന പരിപാടികൾ

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.)-ന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തിവരുന്ന, ഒരുവർഷക്കാലം നീണ്ടുനിൽക്കുന്ന തേനീച്ച പരിപാലന സർട്ടിഫിക്കറ്റ് കോഴ്സ് ഈ വർഷം മെയ് മാസം മുതൽ തുടരുന്നതാണ്. തേനീച്ച വളർത്തലിന്റെ വിവിധഘട്ടങ്ങളിലെ കാലാനുസൃതമായ പരിപാലനമുറകളും പ്രായോഗിക പരിശീലനവും ഉൾപെടുന്നതാണ്. രണ്ടാഴ്ചയിൽ ഒരു ദിവസം എന്ന കണക്കിൽ നടത്തുന്ന ഒരുവർഷം നീണ്ടുനിൽക്കുന്ന ഈ പരിശീലനപരിപാടി. തേനീച്ചവളർത്തൽ പരിശീലകരായി ജോലി നേടുന്നതിനും റബ്ബർതോട്ടങ്ങളിൽ തേനീച്ചകളെ വളർത്തി അധിക വരുമാനമുണ്ടാക്കുന്നതിനും ഈ കോഴ്സിലൂടെ ലഭിക്കുന്ന പ്രായോഗിക പരിചയം സഹായിക്കും. താൽപര്യമുള്ളവർക്ക് വിശദവിവരങ്ങൾക്കായി അതതു പ്രദേശത്തെ റബ്ബർബോർഡ് ഓഫീസിലോ 04812353127, 7306464582 എന്നീ ഫോൺ നമ്പരുകളിലോ, training@rubberboard.org.in എന്ന ഇ മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

## മൃഗസംരക്ഷണ നിർദ്ദേശങ്ങൾ

7. കാലിത്തീറ്റ സംഭരിച്ചു വയ്ക്കുന്ന സ്ഥലങ്ങളിൽ നനവ്ഇല്ലാതെ സൂക്ഷിക്കുന്നത് വഴി ഭക്ഷ്യ വിഷബാധ ഒഴിവാക്കാം. എലികളുടെ ആക്രമണം തടയുകവഴി എലിപ്പനി രോഗം തടയുന്നതിനായി തൊഴുത്തും പരിസരവും വൃത്തിയായി സൂക്ഷിക്കുകയും ഭക്ഷണ അവശിഷടങ്ങളും ചപ്പുചവറുകളും വൃത്തിയായി സംസ്കരിക്കുകയും ചെയ്യുക.

കറവപ്പശുക്കളിൽ ചർമ്മമുഴ രോഗം തടയുന്നതിനായി അടുത്തുള്ള മൃഗാശുപത്രിയിൽ നിന്നും വാക്സിൻ നൽകുക. ഡോസൊന്നിന് 106 രൂപയാണ്. തൊഴുത്തും പരിസരവും വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുക.